എക്സ്പെന്റിച്ചർ കോളത്തിൽ കൊള്ളിക്കുമോ ? എനിക്കറിഞ്ഞുകൂടാ. It is a deposit. Deposit in their Savings Bank is not in the Receipt Head. അവർക്ക് അധികാരമുണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാൻ. ബാങ്കുകൾ മാത്രമല്ല നിരവധി ആളുകൾ സേവിംഗ് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അത് വരുമാനമായി കൂട്ടുകയില്ല. Deposit is a liability and not an asset. റസീപ്റ്റിൽ അത് പെടുകയില്ല. ഡെപ്പോസിറ്റിൽ നിന്നും വിത്ത്ഡ്രോ ചെയ്താൽ എക്സ്പെന്റിച്ചറായിട്ട് വരില്ല. കോ-ഓപ്പറേറ്റീവ് ബാങ്ക് മാത്രമാണോ ഡെപ്പോസിറ്റ് ചെയ്യുന്നത് ? ആയിരക്കണക്കിന് ആളുകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അത് എപ്പോൾ വേണമെങ്കിലും ഡെപ്പോസിറ്റേഴ്സിന് വിത്ത്ഡ്രോ ചെയ്യാവുന്നതാണ്. അതിൽ യാതൊരു പുതിയ സിറ്റുവേഷനും ഉണ്ടായിട്ടില്ല. കഴിഞ്ഞ തവണയും ഡെപ്പോസിറ്റുണ്ടായിരുന്നു. മടക്കി കൊടുത്തു. പിന്നെയും വാങ്ങിച്ചു. അത് മടക്കി കൊടുക്കുകയും ചെയ്യും. withdrawal of their money from the savings bank is not an item of expenditure.അതുകൊണ്ട് It was nothing to do with the deficit or surplus of the Budget ശരിക്കും പറഞ്ഞാൽ ലഗ്നാലും ചന്ദ്രാലും കെ.എം. മാണിയുടെ ബഡ്ജറ്റിൽ തീരുകയില്ല. അതുകൊണ്ട് It may be ruled... ബഹുമാനപ്പെട്ട സ്പീക്കർ എന്റെ ഈ ആർഗ്യുമെന്റ് മനസ്സിലാക്കി എന്റെ മാന്യ സുഹൃത്തിന്റെ ഒബ്ജക്ഷൻ അംഗീകരിക്കരുത് എന്ന ഒരു അപേക്ഷ എനിക്കുണ്ട്.

## റൂളിംഗ്

മി. സ്പീക്കർ : ഇതിൽ ഞാൻ ഒരു കാര്യം നേരത്തെ സൂചിപ്പിച്ചു. ബഡ്ജറ്റ് ഫിഗേഴ്സിനെ സംബന്ധിക്കുന്ന കാര്യം ചൂണ്ടിക്കാണിച്ചതിനെ സംബന്ധിച്ചുള്ള ക്ലാരിഫിക്കേഷനാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയത്. ചെയറിനെ സംബന്ധിച്ച് ആ കാര്യം വരുന്നില്ല. ഇവിടെ നോക്കുന്നത് അദ്ദേഹത്തിന്റെ ക്രമപ്രശ്നം ചട്ടപ്രകാരം നിലനിൽക്കുന്നതാണോ ഇല്ലയോ എന്നുള്ളത് മാത്രമാണ്. റൂൾ 142 പറയുന്നത്, 'At the conclusion of the discussion on the Budget under rule 141, the Demands for Grants shall stand referred to the appopriate subject committees for scrutiny and report.'എന്നാണ് അതാണ് പറഞ്ഞത്. ഞാൻ ഒന്നുകൂടി ആവർത്തിക്കുന്നു അത് ചെയ്തിരിക്കുന്നു. ഇനി അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ തന്നെ അത് പരിശോധിക്കാൻ സഭയ്ക്കു വീണ്ടും അവസരമുണ്ട്. സഭയ്ക്ക് അതിനുള്ള അവകാശമുണ്ട്. ആ സന്ദർഭത്തിൽ ചട്ടപ്രകാരം തന്നെ അത് എടുക്കാൻ കഴിയും. അതുകൊണ്ട് ശ്രീ. കെ.എം. മാണി ഒരു ക്രമപ്രശ്നമെന്ന നിലയിൽ ഇവിടെ ഉന്നയിച്ച കാര്യം നിലനിൽക്കുന്നതല്ല. എന്ന് ചെയർ റൂൾ ചെയ്യുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

ശ്രീമതി ശോഭനാ ജോർജ് : സർ, ഇപ്പോൾ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തമായി എതിർക്കുന്നു. കേന്ദ്രം ഭരിക്കുന്ന ഫാസിസ്റ്റ് വർഗ്ഗീയ പാർട്ടി കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കി. ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിലും, വിഷമത്തിലും നിരാശയിലുമായ

LIBRARY ARCHIVES Kerala Legislative Assembly